സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാല്യം: 59 ലക്കം: 197 2024 നവംബർ 25 തിങ്കൾ പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ഓടുന്ന ട്രെയിനിൽ നിന്നും ചാടി, പ്ലാറ്റ്ഫോമിനിടയിൽ വീണ യുവതിക്ക് രക്ഷകരായി റെയിൽവേ പോലീസ്

കാൺപൂർ: ഓടുന്ന ട്രയിനിൽ നിന്നും പ്ലാറ്റ്ഫോമിലേക്ക് ചാടിയ യുവതിക്ക് രക്ഷകരായി റെയിൽവേ പോലീസ്. വണ്ടിയെടുത്തിട്ടും ഒപ്പമുണ്ടായിരുന്ന കുട്ടികൾ കയറാതിരുന്നതോടെയാണ് യുവതി ട്രയിനിൽ നിന്നും പുറത്തേക്ക് ചാടിയത്. എന്നാൽ ട്രെയിനിനും പ്ലാറ്റ്ഫോമിനുമിടയിൽ അകപ്പെട്ട യുവതിയെയും കൊണ്ട് വണ്ടിനീങ്ങിയെങ്കിലും റെയിൽവേ പോലീസ് രക്ഷപ്പെടുത്തുകയായിരുന്നു. ജിആർപി സബ് ഇൻസ്പെക്ടർ ശിവ് സാഗർ ശുക്ലയും കോൺസ്റ്റബിൾ അനൂപ് കുമാർ പ്രജാപതിയും ചേർന്നാണ് യുവതിയെ രക്ഷപ്പെടുത്തിയത്. കാൺപൂർ സെൻട്രൽ റെയിൽവേ സ്റ്റേഷനിൽ വെച്ചായിരുന്നു സംഭവം.

2026ൽ പാലക്കാട് പിടിക്കും; സുരേന്ദ്രന്റെ രാജിവാർത്ത അഭ്യൂഹം മാത്രം: കേന്ദ്ര നേതൃത്വം

ന്യൂഡൽഹി: പാലക്കാട്ടെ തിരഞ്ഞെടുപ്പ് തോൽവിക്കു പിന്നാലെ ബി.ജെ.പി. സംസ്ഥാനാധ്യക്ഷൻ കെ.സുരേന്ദ്രൻ രാജിസന്നദ്ധ അറിയിച്ചെന്ന വാർത്ത തള്ളി കേന്ദ്രനേതൃത്വം. പാലക്കാട് ഉപതിരഞ്ഞെടുപ്പിലെ തോൽവിയുടെ കാരണത്താൽ ആരും ഉത്തരവാദിത്തങ്ങളിൽ നിന്ന് രാജി വെക്കില്ലെന്നും ആരുടേയും രാജി ആവശ്യപ്പെട്ടിട്ടില്ലെന്നും ബി.ജെ.പി സംസ്ഥാന പ്രഭാരിയും മുൻ കേന്ദ്രമന്ത്രിയുമായ പ്രകാശ് ജാവഡേക്കർ വ്യക്തമാക്കി. യു.ഡി.എഫും എൽ.ഡി.എഫും വ്യാജപ്രചരണം നടത്തുന്നുവെന്നും 2026-ൽ ബി.ജെ.പി പാലക്കാട് അടക്കം നിരവധി സീറ്റുകളിൽ വിജയിക്കുമെന്നും ജാവഡേക്കർ പ്രതികരിച്ചു.

അതിനിടെ പാലക്കാട്ടെ തോൽവി ബി.ജെ.പി കൗൺസിലർമാരുടെ തലയിൽവെക്കേണ്ടെന്ന് ബി.ജെ.പി ദേശീയ കൗൺസിൽ അംഗം എൻ. ശിവരാജൻ പ്രതികരിച്ചു. ജയിച്ചാൽ ക്രെഡിറ്റ് കൃഷ്ണകുമാറിന് തോറ്റാൽ ഉത്തരവാദിത്തം ശോഭയ്ക്ക് എന്ന നിലപാട് ശരിയല്ലെന്നും സ്ഥാനാർഥി നിർണയം പാളിയോ എന്ന് ദേശീയ നേതൃത്വം പരിശോധിക്കണമെന്നും ശിവരാജൻ ആവശ്യപ്പെട്ടു.

കേരളത്തിലെ ബി.ജെ.പി ശക്തികേന്ദ്രമായ പാലക്കാട് തിരിച്ചടിയുണ്ടാവാൻ കാരണം ശോഭാ സുരേന്ദ്രൻ പക്ഷമാണെന്ന് സുരേന്ദ്രൻ പക്ഷം ആരോപിച്ചിരുന്നു. ശോഭയുടെ ഡ്രൈവർ വോട്ടുമറിക്കാൻ കൂട്ടുനിന്നു എന്നായിരുന്നു പ്രധാന ആരോപണം.

പരാജയത്തിനു പിന്നിൽ ശോഭാ സുരേന്ദ്രനാണെന്ന് വരുത്തിത്തീർക്കാൻ മുരളീധരന്റെ പക്ഷവും ശ്രമിക്കുന്നതായി പാർട്ടിക്കകത്തുനിന്ന് പരാതി ഉയർന്നിരുന്നു. നഗരസഭയിൽ 'ശോഭാപക്ഷം' ബി.ജെ.പിയുടെ സ്ഥാനാർഥിയായ കൃഷ്ണകുമാറിനെ തോൽപിച്ചു എന്നാണ് മുരളീധരന്റെ പക്ഷം ആവർത്തിക്കുന്നത്. പാലക്കാട്ടെ പരാജയം ശോഭ സുരേന്ദ്രന്റെ തലയിൽ കെട്ടിവെക്കാൻ ശ്രമിക്കുന്നതായി ശോഭാപക്ഷവും ആരോപിച്ചു. കെ. സുരേന്ദ്രന് വി. മുരളീധരൻ സംരക്ഷണവലയം ഒരുക്കുന്നതായും ആരോപണം ഉയരുന്നുണ്ട്.

അതിനിടെ സുരേന്ദ്രന്റെ നിലപാടിനെ പരിഹസിച്ച് സന്ദീപ് വാര്യർ രംഗത്തെത്തി. രാജി സന്നദ്ധത നാടകമാണെന്നും 'അയ്യോ അച്ഛാ പോവല്ലേ' എന്ന മട്ടിലാണെന്നും സന്ദീപ് വാര്യർ പരിഹസിച്ചു. രാജി ഏതെങ്കിലും തരത്തിൽ 'അക്കൗണ്ടബിൾ' ആണെങ്കിൽ അതിന് സുരേന്ദ്രൻ സധൈര്യം തയ്യാറാവണമെന്നാണ് സന്ദീപ് വാര്യർ പ്രതികരിച്ചത്. കേരളത്തിലെ ബി.ജെ.പി പ്രവർത്തകരെ പറ്റിക്കാനുള്ള സുരേന്ദ്രന്റെ മറ്റൊരു അടവ് മാത്രമായിട്ടാണ് രാജിസന്നദ്ധതയെ കാണുന്നത് എന്നും സന്ദീപ് പറഞ്ഞു. കേരളത്തിലെ ബി.ജെ.പി നേതൃത്വത്തിനോട് കേന്ദ്രത്തിന് ഒരു താൽപര്യവുമില്ല എന്നതാണ് വസ്തുതയെന്നും അവർക്ക് ആകെ താൽപര്യമുള്ളത് താൻ മനസ്സിലാക്കിയിടത്തോളം സുരേഷ് ഗോപിയോട് മാത്രമാണെന്നും സന്ദീപ് വാര്യർ വ്യക്തമാക്കി.

നഗരസഭാപരിധിയിൽ വോട്ടുകുറഞ്ഞിട്ടില്ല, പരാതി കൊടുത്തുവെന്നത് തെറ്റായ വാർത്ത: സി. കൃഷ്ണകുമാർ

പാലക്കാട്: പാലക്കാട്ടെ ഉപതിരഞ്ഞെടുപ്പ് സ്ഥാനാർഥിത്വത്തിന്റെ പേരിൽ വിമർശനങ്ങൾ ഉയരുന്നതിനിടെ ബി.ജെ.പിയിൽ ഭിന്നതയില്ലെന്നും എല്ലാവരും ഒറ്റക്കെട്ടാണെന്നും വ്യക്തമാക്കി സി. കൃഷ്ണകുമാർ. തന്നേക്കാൾ കഴിവുറ്റ നിരവധിപേർ പാർട്ടിയിലുണ്ട്. പക്ഷേ സ്ഥാനാർഥിയാകണമെന്ന് സംസ്ഥാന ഘടകവും കേന്ദ്രനേതൃത്വവും നിർദ്ദേശിച്ചപ്പോൾ ഒരു സാധാരണ പ്രവർത്തകനെന്ന നിലയിൽ അനുസരിക്കുക മാത്രമാണ് ചെയ്തതെന്ന് കൃഷ്ണകുമാർ പറഞ്ഞു.

പ്രധാനമന്ത്രി നരേന്ദ്ര മോദിയും അമിത്ഷായും ജെ.പി നദ്ദയും ഉൾപ്പെട്ട ഒരു പാർലമെന്ററി ബോർഡാണ് അസംബ്ലി സ്ഥാനാർഥികളെ തീരുമാനിച്ചത്. പാർട്ടി ഒരു ഉത്തരവാദിത്തം ഏൽപിച്ചാൽ അത് അച്ചടക്കത്തോടെ നിർവഹിക്കുക എന്നതാണ് തന്റെ ഉത്തരവാദിത്തമെന്നും കൃഷ്ണകുമാർ പറഞ്ഞു.

'നഗരസഭാ കൗൺസിലർമാർക്ക് വീഴ്ച സംഭവിച്ചിട്ടില്ലെന്നും കൃഷ്ണകുമാർ വ്യക്തമാക്കി. കൗൺസിലർമാരെയും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻമാരെയും ഏൽപിച്ച ഉത്തരവാദിത്തം കൃത്യമായി അവർ നിർവഹിച്ചിട്ടുണ്ട്. നഗരസഭാ പരിധിയിൽ ഒരുശതമാനം പോലും വോട്ടു കുറഞ്ഞിട്ടില്ല. കൃത്യമായ വിലയിരുത്തൽ യോഗം നടത്താൻ പോകുന്നതേയുള്ളൂ. ദേശീയ നേതൃത്വത്തിന് പരാതി കൊടുത്തുവെന്നത് തെറ്റായ വാർത്തയാണെന്നും കൃഷ്ണകുമാർ പറഞ്ഞു.

പാലക്കാട്ടെ തോൽവിക്ക് കാരണം സ്ഥാനാർഥി നിർണയത്തിലെ പാളിച്ച, ബി ജെ പി നേതൃത്വത്തിനെതിരേ നഗരസഭാധ്യക്ഷ

പാലക്കാട്: പാലക്കാട്ടെ തിരഞ്ഞെടുപ്പ് തോൽവിക്കു പിന്നാലെ ബിജെപി.നേതൃത്വത്തിനെതിരെ വിമർശനവുമായി പാലക്കാട് നഗരസഭാ അധ്യക്ഷ പ്രമീള ശശിധരൻ. സ്ഥാനാർഥി നിർണയത്തിൽ പാളിച്ചയുണ്ടായെന്നും സ്ഥിരം സ്ഥാനാർഥി മത്സരിച്ചത് തിരിച്ചടിയായെന്നും പ്രമീള വ്യക്തമാക്കി. പ്രചാരണത്തിന് പോയപ്പോൾ സ്ഥിരം സ്ഥാനാർഥി നിന്നതിലുള്ള അതൃപ്തി പലരും അറിയിച്ചിരുന്നു. അതൃപ്തി മറികടന്നാണ് തങ്ങൾ പ്രചാരണത്തിന് പോയതെന്നും പ്രമീള ശശിധരൻ വ്യക്തമാക്കി.

ബിജെപിയുടെ പരാജയത്തിന് പിന്നിൽ നഗരസഭയുടെ ഭാഗത്ത് നിന്ന് വീഴ്ചകളുണ്ടായിട്ടില്ലെന്നും പ്രമീള പറഞ്ഞു. പാർട്ടി പ്രവർത്തകർ സി കൃഷ്ണകുമാറിനൊപ്പം നിന്നു. ജനങ്ങളിൽ നിന്നുയർന്ന എതിർപ്പ് സുരേന്ദ്രനെ അറിയിച്ചിരുന്നുവെന്നും പ്രമീള പറയുന്നു.

നഗരസഭയിലെ മുഴുവൻ ബിജെപി കൗൺസിലർമാരും പ്രചരണത്തിന് മുന്നിലുണ്ടായിരുന്നു. നഗരസഭ വോട്ടുകൾ കുറഞ്ഞുവെന്ന് പറയാനാകില്ല.സ്ഥാനാർഥി ചർച്ചകൾ വരുമ്പോൾ തന്നെ ഒരേ സ്ഥാനാർഥി വേണ്ടെന്ന് ഉന്നതനേതൃത്വത്തെ അറിയിച്ചിരുന്നു. എന്നാൽ ഈ ആവശ്യം പാർട്ടി അംഗീകരിച്ചില്ല. വേറെ സ്ഥാനാർഥിയായിരുന്നെങ്കിൽ ജയസാധ്യത കൂടിയേനെ. ഇപ്പോഴത്തെ തോൽവിയിൽ നഗരസഭയെ പഴിക്കുന്നതിൽ യുക്തിയില്ല. അങ്ങാടിയിൽ തോറ്റതിന് അമ്മയോട് എന്ന് നിലപാട് ശരിയല്ല. 1500 വോട്ട് മാത്രമാണ് കുറഞ്ഞത് ഇതിൽ നോട്ടയുമുണ്ട്. ജനവിധിയെ ബഹുമാനിക്കുന്നു. എന്തു കൊണ്ട് കൃഷ്ണകുമാറിന്റെ വോട്ട് കുറഞ്ഞുവെന്ന് പാർട്ടി അന്വേഷിക്കട്ടെ.- പ്രമീള വ്യക്തമാക്കി

ശോഭ സുരേന്ദ്രൻ വോട്ട് ചോദിക്കാൻ രംഗത്തിറങ്ങിയെന്നും ശോഭയെ വേണ്ട രീതിയിൽ ഉപയോഗിച്ചില്ലെന്നും പ്രമീള കുറ്റപ്പെടുത്തി. ശോഭ സുരേന്ദ്രനെതിരെയുള്ള ആരോപണങ്ങളും ന?ഗരസഭാധ്യക്ഷ തള്ളി.

അതിനിടെ പാലക്കാട്ടെ തോൽവി ബി.ജെ.പി കൗൺസിലർമാരുടെ തലയിൽവെക്കേണ്ടെന്ന് ബി.ജെ.പി ദേശീയ കൗൺസിൽ അംഗം എൻ. ശിവരാജനും പ്രതികരിച്ചു. ജയിച്ചാൽ ക്രെഡിറ്റ് കൃഷ്ണകുമാറിന് തോറ്റാൽ ഉത്തരവാദിത്തം ശോഭയ്ക്ക് എന്ന നിലപാട് ശരിയല്ലെന്നും സ്ഥാനാർഥി നിർണയം പാളിയോ എന്ന് ദേശീയ നേതൃത്വം പരിശോധിക്കണമെന്നും ശിവരാജൻ ആവശ്യപ്പെട്ടു.

കേരളത്തിലെ ബി.ജെ.പി ശക്തികേന്ദ്രമായ പാലക്കാട് തിരിച്ചടിയുണ്ടാവാൻ കാരണം ശോഭാ സുരേന്ദ്രൻ പക്ഷമാണെന്ന് സുരേന്ദ്രൻ പക്ഷം ആരോപിച്ചിരുന്നു. ശോഭയുടെ ഡ്രൈവർ വോട്ടുമറിക്കാൻ കൂട്ടുനിന്നു എന്നായിരുന്നു പ്രധാന ആരോപണം.

പരാജയത്തിനു പിന്നിൽ ശോഭാ സുരേന്ദ്രനാണെന്ന് വരുത്തിത്തീർക്കാൻ മുരളീധരന്റെ പക്ഷവും ശ്രമിക്കുന്നതായി പാർട്ടിക്കകത്തുനിന്ന് പരാതി ഉയർന്നിരുന്നു. നഗരസഭയിൽ 'ശോഭാപക്ഷം' ബി.ജെ.പിയെ സ്ഥാനാർഥിയായ കൃഷ്ണകുമാറിനെ തോൽപിച്ചു എന്നാണ് മുരളീധരന്റെ പക്ഷം ആവർത്തിക്കുന്നത്. പാലക്കാട്ടെ പരാജയം ശോഭ സുരേന്ദ്രന്റെ തലയിൽ കെട്ടിവെക്കാൻ ശ്രമിക്കുന്നതായി ശോഭാപക്ഷവും ആരോപിച്ചു. കെ. സുരേന്ദ്രന് വി. മുരളീധരൻ സംരക്ഷണവലയം ഒരുക്കുന്നതായും ആരോപണം ഉയരുന്നുണ്ട്.

പരസ്യ പ്രസ്താവനകൾ പരിശോധിക്കും, പ്രസിഡന്റ് സ്ഥാനം കേന്ദ്രനേതൃത്വം തീരുമാനിക്കും: കെ സുരേന്ദ്രൻ

കോഴിക്കോട്: പാലക്കാട് ഉപതിരഞ്ഞെടുപ്പിലെ സ്ഥാനാർഥി നിർണ്ണയത്തിൽ പാളിച്ച പറ്റിയിട്ടില്ലെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ. ശോഭ സുരേന്ദ്രൻ നല്ല രീതിയിൽ പ്രവർത്തിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. പാലക്കാട് ഉപതിരഞ്ഞെടുപ്പ് സംബന്ധിച്ച് വിവാദങ്ങൾ ഉയരുന്ന സാഹചര്യത്തിൽ നടത്തിയ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

തോൽവിയുടെ ഉത്തരവാദിത്വം താൻ ഏറ്റെടുക്കുന്നു. എല്ലാ തിരഞ്ഞെടുപ്പിലും വിജയത്തിന്റെ ക്രെഡിറ്റ് മറ്റാർക്കെങ്കിലും തോൽവിയുടെ ഉത്തരവാദിത്വം പാർട്ടി പ്രസിഡന്റിലേക്കുമാണ് നീളുകയെന്നും അദ്ദേഹം പറഞ്ഞു. അധ്യക്ഷ സ്ഥാനം രാജി വെക്കുന്നത് പാർട്ടിയുടെ കേന്ദ്ര നേതൃത്വത്തിന്റെ തീരുമാനമായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. എന്നാൽ രാജിസന്നദ്ധത അറിയിച്ചതിനേക്കുറിച്ചുള്ള ചോദ്യങ്ങൾക്ക് അദ്ദേഹം മറുപടി നൽകിയില്ല.

എല്ലാ തിരഞ്ഞെടുപ്പിലും സ്ഥാനാർഥി നിർണ്ണയത്തിൽ പാർട്ടി പാലിക്കേണ്ട കാര്യങ്ങൾ നോക്കിയാണ് സ്ഥാനാർഥി നിർണയം നടത്തുന്നത്. അത്തരത്തിലാണ് കൃഷ്ണകുമാറിനെയും തിരഞ്ഞെടുത്തത്. പാർലമെന്ററി ബോർഡിന്റെ വിശദമായ പരിശോധനയിലാണ് നിർണയിക്കുക. അവസാന നിമിഷം വരെ കൃഷ്ണകുമാർ തന്നെ നിർത്തരുതെന്ന് പറഞ്ഞിരുന്നു. 3000 വോട്ടിൽ നിന്ന് 5000 വോട്ടുകൾ മലമ്പുഴയിലെ ചെങ്കോട്ടയിൽ നിന്ന് നേടിയ വ്യക്തിയാണ് കൃഷ്ണകുമാറെന്ന് മറക്കരുത്. ഞങ്ങളുടെ പാർട്ടിയിൽ സ്ഥാനാർത്ഥി മോഹികൾ ഇല്ല മറ്റ് പ്രചാരണങ്ങൾ മാധ്യമസൃഷ്ടിയാണെന്നും സുരേന്ദ്രൻ പറഞ്ഞു.

കുമ്മനം രാജശേഖരനായിരുന്നു പാലക്കാട് സ്ഥാനാർഥി നിർണയത്തിലെ പ്രധാന ചുമതലയെന്നും സുരേന്ദ്രൻ വ്യക്തമാക്കി. ബിജെപി നേതാക്കളുടെ പരസ്യ പ്രസ്താവനകളെല്ലാം പരിശോധിക്കും. തിരഞ്ഞെടുപ്പ് തോൽവിയുടെ ധാർമിക ഉത്തരവാദിത്വം സംസ്ഥാന പാർട്ടി അധ്യക്ഷനാണ്. ശരിയായ രീതിയിലല്ല പ്രവർത്തിച്ചതെങ്കിൽ ഓഡിറ്റിങ്ങിന് വിധേയനായിരിക്കും. പാലക്കാട് നിയമസഭ, കണ്ണാടി, മാത്തൂർ, പിരായിരി എന്നീ പഞ്ചായത്തുകളിലും വോട്ട് കുറഞ്ഞിരുന്നു, നഷ്ടപ്പെട്ട പിന്തുണ എത്ര ചെറുതാണെങ്കിലും തിരിച്ചു പിടിച്ചിരിക്കും. നഗരസഭാ അധ്യക്ഷയ്ക്ക് പറയാൻ അധികാരമുണ്ട് അവരുടെ അഭിപ്രായം പരിശോധിക്കും. പാർട്ടിയിലെ ഒരു പ്രമുഖ നേതാവും തന്നെ കടന്നാക്രമിച്ചിട്ടില്ലെന്നും സുരേന്ദ്രൻ വ്യക്തമാക്കി.

ചേലക്കരയിലും വയനാട്ടിലും മികച്ച ഭൂരിപക്ഷമുണ്ടായെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. പാലക്കാട് വോട്ടുബാങ്ക് നിലനിർത്തി. എന്നാൽ പുതിയ വോട്ടുകൾ ആകർഷിക്കാനായില്ല. പാലക്കാട് ഉപതിരഞ്ഞെടുപ്പിലുണ്ടായ പാളിച്ചകൾ ഒരോ ഇഞ്ചും ശരിയായ വിശകലനം നടത്തും. എല്ലാ കാലത്തും ബിജെപി തോൽവികളെ വിശകലനം ചെയ്ത് മുന്നോട്ട് പോയിട്ടുണ്ട്. മാധ്യമങ്ങൾ യുഡിഎഫിന്റെ വോട്ട് കുറഞ്ഞതും എൽഡിഎഫിന്റെ വോട്ട് കുറഞ്ഞതും ശ്രദ്ധിക്കുന്നില്ല. എല്ലാവരും പാലക്കാട്ടെ ബിജെപി വോട്ടുകളാണ് ചർച്ച ചെയ്യുന്നത്-സുരേന്ദ്രൻ പറയുന്നു

കേരളത്തിലെ ഉപതിരഞ്ഞെടുപ്പിൽ യുഡിഎഫും എൽഡിഎഫും നിരോധിത തീവ്രവാദ സംഘടനകളെ ഉപയോഗിച്ചുവെന്നും മഹാരാഷ്ട്രയിലെ വിജയം കേരളത്തിലെ മാധ്യമങ്ങൾ വാർത്തയാക്കിയില്ലെന്നും സുരേന്ദ്രൻ പറഞ്ഞു.

ആലുവയിൽ വൻകഞ്ചാവുവേട്ട, ബാഗുകളിലാക്കി കടത്താൻ ശ്രമിച്ചത് 35കിലോ കഞ്ചാവ്

കൊച്ചി: ആലുവയിൽ വൻ കഞ്ചാവ് വേട്ട. ബാഗുകളിലാക്കി കടത്താൻ ശ്രമിച്ച 35 കിലോ കഞ്ചാവാണ് ഡാൻസാഫ് ടീമും പോലീസും ചേർന്ന് പിടികൂടിയത്. സംഭവത്തിൽ രണ്ട് യുവതികൾ ഉൾപ്പെടെ മൂന്നുപേരെ പോലീസ് കസ്റ്റഡിയിൽ എടുത്തു.

ഒഡിഷ റായഗന്ധ സ്വദേശികളായ സത്യനായക്, ആശ പ്രമോദ് ലിമ, അസന്തി താക്കൂർ എന്നിവരാണ് പിടിയിലായത്. ട്രെയിൻ മാർഗമാണ് ഇവർ കഞ്ചാവ് നിറച്ച പെട്ടികളുമായി ആലുവയിൽ എത്തിയത്.

പുലർച്ചെ രണ്ടിന് റെയിൽവേ സ്റ്റേഷനിൽ വന്നിറങ്ങിയ സംഘത്തെ പോലീസ് പിടികൂടുകയായിരുന്നു. ഒഡീഷയിൽ നിന്ന് വൻതോതിൽ കഞ്ചാവ് എത്തിച്ച് കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ വിതരണം നടത്തുന്ന സംഘത്തിലെ കണ്ണികളാണ് ഇവരെന്ന് പോലീസ് അറിയിച്ചു. ഇതിനു മുമ്പും സംഘം സമാനരീതിയിൽ കഞ്ചാവ് കേരളത്തിലേക്ക് എത്തിച്ചിട്ടുണ്ടെന്നാണ് വിവരം.

ആലുവ റൂറൽ ജില്ല പോലീസ് മേധാവി വൈഭവ് സക്സേനയ്ക്ക് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് മൂന്നംഗസംഘം പിടിയിലായത്. നാർക്കോട്ടിക്ക് സെൽ ഡിവൈഎസ്പി പി.പി.ഷംസ്, ആലുവ ഡിവൈഎസ്പി റ്റി.ആർ. രാജേഷ്, ഇൻസ്പെക്ടർ എ. എൽ.അഭിലാഷ്, ഡാൻസാഫ് ടീം, ആലുവ പോലീസ് എന്നിവരാണ് പരിശോധന നടത്തിയത്.

ജനങ്ങളാൽ തുടർച്ചയായി തിരസ്കരിക്കപ്പെട്ടവർ ഗുണ്ടായിസത്തിലൂടെ പാർലമെന്റിനെ നിയന്ത്രിക്കാൻ ശ്രമിക്കുന്നു: മോദി

യുടെ എഴുപത്തിയഞ്ചാം വാർഷികത്തിനിടയിലാണ് സമ്മേളനം നടക്കുന്നത്. നമ്മുടെ ഭരണഘടനയുടെ പ്രധാന ഭാഗങ്ങൾ പാർലമെന്റും എംപിമാരുമാണ്. പാർലമെന്റിൽ ആരോഗ്യകരമായ ചർച്ചകൾ നടക്കണം.'- പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.

ഡിസംബർ 20 വരെയാണ് ശീതകാല സമ്മേളനം നടക്കുന്നത്. ഇതിനിടെ സർക്കാർ 'ഒരു രാജ്യം ഒരു തിരഞ്ഞെടുപ്പ്' ബിൽ അവതരിപ്പിച്ചേക്കുമെന്ന് ഊഹാപോഹമുണ്ട്. വഖഫ് ഭേദഗതി ബില്ലും ദുരന്തനിവാരണ (ഭേദഗതി) ബില്ലും അടക്കം പതിനാറ് ബില്ല് ഇത്തവണ സഭയിൽ അവതരിപ്പിച്ചേക്കും.

അതേസമയം, ഭരണഘടന അംഗീകാരം നൽകിയ പഴയ പാർലമെന്റിന്റെ സെൻട്രൽ ഹാളിൽ നാളെ ഭരണഘടനാ ദിനാഘോഷവും സംഘടിപ്പിക്കും. രാഷ്ട്രപതി ദ്രൗപദി മുർമു, ഉപരാഷ്ട്രപതി ജഗ്ദീപ് ധൻകർ, പ്രധാനമന്ത്രി നരേന്ദ്രമോദി എന്നിവർ പങ്കെടുക്കും. ഇതോടനുബന്ധിച്ച് സംസ്കൃതം -മൈഥിലി ഭാഷകളിലെ ഭരണഘടനയും സ്റ്റാമ്പും നാണയവും പുറത്തിറക്കും. സുപ്രീം കോടതി വളപ്പിലും ആഘോഷം നടക്കും.

ചോദിക്കുന്നത് ഔദാര്യമല്ല, അവകാശം; കെ.വി. തോമസ്–നിർമല സീതാരാമൻ കൂടിക്കാഴ്ച ഇന്ന്

ന്യൂഡൽഹി: വയനാട് ദുരന്തത്തിൽ പ്രത്യേക പാക്കേജ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സുപ്രധാന കൂടിക്കാഴ്ചയ്ക്ക് വഴിയൊരുങ്ങുന്നു. കേന്ദ്ര ധനകാര്യമന്ത്രി നിർമല സീതാരാമനുമായാണ് കേരളത്തിന്റെ പ്രത്യേക പ്രതിനിധി കെ.വി. തോമസ് ഇന്ന് കൂടിക്കാഴ്ച നടത്തുന്നത്. വൈകുന്നേരം മൂന്ന് മണിക്കാണ് കൂടിക്കാഴ്ച.

പ്രധാനമന്ത്രി തിരിച്ചെത്തിയതിനു ശേഷം വയനാട് പാക്കേജ് സംബന്ധിച്ച് തീരുമാനം എടുക്കാമെന്ന് ധനമന്ത്രി ഇക്കഴിഞ്ഞ 19-ന് കൊച്ചിയിൽ വെച്ച് അറിയിച്ചിരുന്നു. ഇത് സംബന്ധിച്ച് മൂന്ന് തവണ മന്ത്രിയുമായി സംസാരിച്ചിരുന്നുവെന്ന് കെ.വി. തോമസ് പറഞ്ഞു. കേന്ദ്രത്തിന്റെ ഔദാര്യമല്ല, മറിച്ച് കേരളത്തിന്റെ അവകാശമാണ് അവരോട് ചോദിക്കുന്നത്.

കേന്ദ്ര സർക്കാർ പ്രതിനിധികൾ വയനാട്ടിൽ സന്ദർശനം നടത്തി റിപ്പോർട്ട് കേന്ദ്ര ആഭ്യന്തര മന്ത്രി, കൃഷി മന്ത്രി, ധനകാര്യ മന്ത്രി എന്നിവർക്ക് കൈമാറിയിട്ടുണ്ട്. ഇവരാണ് ഇക്കാര്യത്തിൽ തീരുമാനമെടുക്കേണ്ടത്. ഇത് സംബന്ധിച്ച് ഇന്നത്തെ ചർച്ചയിൽ അനുകൂലമായ തീരുമാനമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് കെ.വി. തോമസ് അറിയിച്ചു.

വയനാട് ദുരന്ത മേഖലയിലെ ജനങ്ങൾ എടുത്തിട്ടുള്ള കാർഷിക വായ്പ, വിദ്യാഭ്യാസ വായ്പ എന്നിവ തിരിച്ചടയ്ക്കാൻ സാധിക്കില്ലെന്ന് കാണിച്ച് കേരളത്തിന്റെ മുഖ്യമന്ത്രി, പ്രധാനമന്ത്രിക്ക് കത്തു നൽകിയിരുന്നു. പ്രധാനമന്ത്രിയുടെ ഓഫിസ് ഇത് റിസർവ്വ് ബാങ്കിന് നൽകുകയും അവരുടെ ഭാഗത്തുനിന്ന് അനുകൂലമായ നടപടിയുണ്ടാകുമെന്ന സൂചനയുമാണ് നൽകിയിരിക്കുന്നത്. അന്തിമ തീരുമാനം പ്രദേശിക ബാങ്കുകളുടെ ഭാഗത്തുനിന്നാണ് ഉണ്ടാകേണ്ടതെന്നും അദ്ദേഹം പറഞ്ഞു.

സംസ്ഥാനത്തിന് ന്യായമായ പിന്തുണ സമയബന്ധിതമായി നൽകണമെന്നാണ് ആവശ്യം. ഇക്കാര്യം മുഖ്യമന്ത്രിയും ധനകാര്യ മന്ത്രിയും കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള എം.പിമാരും ഇക്കാര്യം പാർലമെന്റിൽ ഉന്നയിച്ചിട്ടുണ്ട്. വ്യക്തത വരുത്താനും ഉചിതമായ തീരുമാനം ലഭിക്കുന്നതിനുമാണ് ഇന്നത്തെ കൂടിക്കാഴ്ചയെന്നാണ് കെ.വി. തോമസ് അറിയിച്ചിരിക്കുന്നത്.

ന്യൂനമർദ്ദം തീവ്ര ന്യൂനമർദ്ദമാകും

തിരു: തെക്ക് കിഴക്കൻ ബംഗാൾ ഉൾക്കടലിനു മുകളിൽ രൂപപ്പെട്ട ന്യൂനമർദ്ദം ശക്തികൂടിയ ന്യൂനമർദ്ദമായി മാറിയെന്ന് വ്യക്തമാക്കി കാലാവസ്ഥാ വകുപ്പ്. കേരളത്തിൽ അടുത്ത അഞ്ച് ദിവസം ഇടിമിന്നലോടുകൂടിയ മഴയ്ക്ക് സാധ്യതയുണ്ട്. നവം. 27ന് ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിലും 28ന് എറണാകുളത്തും യെല്ലോ അലേർട്ട് പ്രഖ്യാപിച്ചിട്ടുണ്ട്. ഈ നാല് ജില്ലകളിലും ശക്തമായ മഴ പെയ്യാൻ സാധ്യതയുണ്ട്.

മിനി ബസ് മറിഞ്ഞ് സിനിമാ പ്രവർത്തകർക്ക് പരിക്ക്

ബാംഗ്ലൂരു: ജൂനിയർ ആർട്ടിസ്റ്റുകൾ സഞ്ചരിച്ച മിനി ബസ് തലകീഴായി മറിഞ്ഞ് ആറു പേർക്ക് സാരമായ പരിക്ക്. വാഹനത്തിൽ ഉണ്ടായിരുന്നത് 20 പേർ. അപകടത്തിൽപ്പെട്ടത് കാന്താര 2വിന്റെ ഭാഗമായവർ. ഉടുപ്പി ജില്ലയിലെ കൊല്ലൂരിലാണ് സംഭവം. ഷൂട്ടിങ്ങ് കഴിഞ്ഞ് മടങ്ങവെയാണ് അപകടം.

അതെല്ലാം പതിവ് ആരോപണം മാത്രം, വർഗീയ ശക്തികളുടെ വോട്ടുകൾ വേണ്ടെന്ന് തന്നെയാണ് നിലപാട്; ഷാഫി പറമ്പിൽ

ന്യൂഡൽഹി: വർഗീയ ശക്തികളുടെ വോട്ട് വേണ്ടെന്ന് തന്നെയാണ് എല്ലാ കാലത്തെയും നിലപാടെന്ന് ഷാഫി പറമ്പിൽ എം പി. എസ്ഡിപിഐ-ജമാഅത്തെ ഇസ്ലാമി വോട്ടുകൾ കിട്ടിയെന്നത് പതിവ് ആരോപണം മാത്രമാണെന്നും ഷാഫി പറമ്പിൽ ഒരു മാദ്ധ്യമത്തോട് പറഞ്ഞു. തന്റെ തുടർച്ചക്കാരനെന്ന മേൽവിലാസത്തിലാകില്ല രാഹുൽ മാങ്കൂട്ടത്തിൽ പാലക്കാട് പ്രവർത്തിക്കുക. വികസനത്തിൽ പുതിയ മാതൃക രാഹുൽ മുമ്പോട്ട് വയ്ക്കുമെന്നും ഷാഫി പറമ്പിൽ ഡൽഹിയിൽ പറഞ്ഞു.

പാലക്കാട്ടെ വിജയത്തിന്റെ ക്രെഡിറ്റ് ഒരു വർഗീയ കക്ഷിക്കും അവകാശപ്പെടാനില്ല. വർഗീയ വോട്ടുകൾ വേണ്ടെന്ന നിലപാടിൽ തന്നെയാണ് തിരഞ്ഞെടുപ്പിനെ നേരിട്ടത്. ഇ പി ജയരാജന്റെ ആത്മ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

ഇല്ലാത്തതു സൃഷ്ടിക്കുന്നതാണോ മാധ്യമ പ്രവർത്തനം: സതീശൻ

തൃശൂർ: ഇല്ലാത്ത വാർത്തകളെ സൃഷ്ടിച്ചെടുക്കുന്ന നിലയിലേക്കു മാധ്യമ പ്രവർത്തനം മാറിയിരിക്കുന്നെന്നു പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ. സീനിയർ ജേണലിസ്റ്റ്സ് ഫോറം കേരള പന്ത്രണ്ടാം സംസ്ഥാന സമ്മേളനത്തിന്റെ പ്രതിനിധി സമ്മേളനം കേരള സാഹിത്യ അക്കാദമി ഹാളിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. മാധ്യമങ്ങൾ എന്ന പദവി ഇപ്പോൾ സാമൂഹ്യമാധ്യമങ്ങൾ ഏറ്റെടുത്തിരിക്കുന്നു. സാമൂഹ്യ മാധ്യമങ്ങളെയെല്ലാം വിശ്വസിക്കാനാകുമോ? സാമൂഹ്യ മാധ്യമങ്ങളെല്ലാം ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ നിരീക്ഷണത്തിലാണ്. സാമൂഹ്യ മാധ്യമങ്ങളെ മാത്രമല്ല, തന്റെ ഫോൺ പോലും ടാപ്പ് ചെയ്യപ്പെടുകയും നിരീക്ഷക്കപ്പെടുകയും ചെയ്യുന്നുണ്ടെന്നും പ്രതിപക്ഷ നേതാവ് പറഞ്ഞു.

യു ഡി എഫ് അധികാരത്തിൽ വന്നാൽ പെൻഷൻ വർധിപ്പിക്കുമെന്ന് പ്രതിപക്ഷ നേതാവ് കൂട്ടിച്ചേർത്തു.

സംസ്ഥാന പ്രസിഡന്റ് എ. മാധവൻ അധ്യക്ഷനായി. ടി.ജെ. സനീഷ്കുമാർ ജോസഫ് എം എൽഎ, തൃശൂർ കോർപറേഷൻ പ്രതിപക്ഷ നേതാവ് രാജൻ പല്ലൻ എന്നിവർ പ്രസംഗിച്ചു. കെ.സി. നാരായണനെ ആദരിച്ചു.

സമാപന സമ്മേളനം മുൻ സ്പീക്കർ തേറമ്പിൽ രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. സുനിൽ സുഖദ പ്രസംഗിച്ചു. വിവരാവകാശ കമ്മീഷണർ ടി.കെ. രാമകൃഷ്ണൻ, ആർ.കെ. ദാമോദരൻ, കെടിഡിസി ഡയറക്ടർ ബാബു ഗോപിനാഥ് എന്നിവരെ ആദരിച്ചു. മുതിർന്ന മാധ്യമ പ്രവർത്തകരായ നാലു ഗ്രന്ഥകാരന്മാരുടെ പുസ്തകങ്ങൾ പ്രകാശനം ചെയ്തു. കേരള സാഹിത്യ അക്കാദമി മുൻ സെക്രട്ടറി ഡോ. പി.വി. കൃഷ്ണൻ നായർ പ്രകാശനം നിർവഹിച്ചു. എൻ. മൂസകുട്ടി രചിച്ച 'അറിയപ്പെടാത്ത ലോകം', 'മഹത്തായ കുറ്റാന്വേഷണ കഥകൾ', '1001 രാവുകളിലെ ജന്തു കഥകൾ', കെപി. ആന്റണിയുടെ 'തൃശൂർ ചരിതം ചില അനുഭവ സ്പർശങ്ങൾ', പെല്ലിശേരിയുടെ 'ദശരഥം', ജോഷി ജോർജിന്റെ 'മോട്ടിവേഷണൽ ടിപ്സ്' എന്നീ ഗ്രന്ഥങ്ങളാണു പ്രകാശിതമായത്.

എൺപതു വയസു കടന്ന മാധ്യമ പ്രവർത്തകരെ ടി.എൻ. പ്രതാപൻ ആദരിച്ചു. ജനറൽ സെക്രട്ടറി കെ.പി. വിജയകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ സി. അബ്ദുറഹ്മാൻ, എം.എസ്. സമ്പൂർണ, ഫോറം ഭാരവാഹികളായ ഹക്കിം നട്ടാശേരി, ഹരിദാസൻ പാലയിൽ, കെ. കൃഷ്ണകുമാർ, വി. സുരേന്ദ്രൻ, നടുവട്ടം സത്യശീലൻ, സണ്ണി ജോസഫ്, ആർ.എം. ദത്തൻ, സുമം മോഹൻദാസ്, എൻ ശ്രീകുമാർ, ബാലകൃഷ്ണൻ കുന്നമ്പത്ത് എന്നിവർ പ്രസംഗിച്ചു.

സീനിയർ ജേണലിസ്റ്റ്സ്: അലക്സാണ്ടർ സാം-പ്രസിഡന്റ് വിജയകുമാർ-ജന. സെക്രട്ടറി

അലക്സാണ്ടർ സാം വിജയകുമാർ

തൃശൂർ: സീനിയർ ജേണലിസ്റ്റ്സ് ഫോറം കേരള സംസ്ഥാന പ്രസിഡന്റായി അലക്സാണ്ടർ സാമിനേയും (തൃശൂർ) ജനറൽ സെക്രട്ടറിയായി വീണ്ടും കെ.പി. വിജയകുമാറിനേയും (കോഴിക്കോട്) തെരഞ്ഞെടുത്തു. തൃശൂരിലെ കേരള സാഹിത്യ അക്കാദമി ഹാളിൽ നടന്ന മൂന്നു ദിവസത്തെ സമ്മേളന പരിപാടിയിൽ ഐകകണ്ഠ്യേനെയായിരുന്നു തെരഞ്ഞെടുപ്പ്. ജോയ് എം മണ്ണൂർ റിട്ടേണിംഗ് ഓഫീസറായിരുന്നു. മറ്റു ഭാരവാഹികളെ സംസ്ഥാന കമ്മിറ്റി പിന്നീടു തെരഞ്ഞെടുക്കും. മുൻ പ്രസിഡന്റ് എ. മാധവൻ (എറണാകുളം), ഡോ. നടുവട്ടം സത്യശീലൻ (കോട്ടയം), സി.എം.കെ. പണിക്കർ (കോഴിക്കോട്) എന്നിവരെ രക്ഷാധികാരികളായി തെരഞ്ഞെടുത്തു.

പുതിയ മുഖമാകാൻ സ്നേഹതീരം ഫുഡ് സ്ട്രീറ്റ് പദ്ധതി ഡിസംബറോടെ അപേക്ഷ സ്വീകരിക്കുന്നത് നവംബർ 30 വരെ

തൃശൂർ: ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ ഡസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിലിന്റെ കീഴിലുള്ള തളിക്കുളം സ്നേഹതീരം ബീച്ച് പാർക്കിൽ 11 മാസത്തെ കരാർ അടിസ്ഥാനത്തിൽ വാഹനങ്ങളിൽ ഐസ്ക്രീം വിൽപ്പന നടത്തുന്നതിനും, നാടൻ ഫുഡ്, അറേബ്യൻ ഫുഡ്, ടീ ആൻഡ് സ്നാക്സ് ബാർ എന്നീ ഫുഡ് സ്റ്റാളുകൾ സ്ഥാപിച്ചു പ്രവർത്തിപ്പിക്കുന്നതിനായി ഒരോ ഇനത്തിനും പ്രത്യേകം ടെണ്ടറുകൾ ക്ഷണിച്ചു.

ടെണ്ടറിനൊപ്പം 10,000 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സമ്മർപ്പിക്കണം. അപേക്ഷാ ഫോമുകൾ സ്നേഹതീരം ഡിഎംസി ഓഫീസിൽ നിന്നും ലഭിക്കും. ടെണ്ടറുകൾ ലഭിക്കേണ്ട അവസാന തീയ്യതി നവംബർ 30.

ഫുഡ് സ്ട്രീറ്റ് പദ്ധതിക്ക് പുറമെ, ബീച്ച് പാർക്ക് കളിയുപകരണങ്ങൾ സ്ഥാപിക്കൽ (82 ലക്ഷം), ഇലക്ട്രിക്കൽ വർക്കുകൾ (56 ലക്ഷം), എൽഇഡി ലൈറ്റുകൾ സ്ഥാപിക്കൽ (10 ലക്ഷം), വാട്ടർ കിയോസ്ക് നിർമ്മാണം (5 ലക്ഷം) തുടങ്ങിയ പ്രവൃത്തികൾ ഡിസംബർ മാസത്തോടെ പൂർത്തീകരിച്ച് ജനങ്ങൾക്ക് തുറന്ന് നൽകുമെന്ന് ഫുഡ്ബോൾസി മുകുന്ദൻ എംഎൽഎ പറഞ്ഞു.

കൂടൽമാണിക്യം ക്ഷേത്രത്തിൽ സപ്താഹ യജ്ഞം ഏപ്രിൽ 6 മുതൽ

ഇരിങ്ങാലക്കുട : 2025 ഏപ്രിൽ 6 മുതൽ 13 വരെ കൂടൽ മാണിക്യം ക്ഷേത്രത്തിൽ സപ്താഹ യജ്ഞം നടത്തും.

ഇതിന്റെ നടത്തിപ്പിനെ കുറിച്ച് ആലോചിക്കാൻ ചേർന്ന യോഗത്തിൽ ദേവസ്വം ചെയർമാൻ അഡ്വ സി കെ ഗോപി അധ്യക്ഷത വഹിച്ചു.ദേവസം മാനേജിങ്ങ് കമ്മിറ്റി അംഗം ഡോ മുരളി ഹരിതം സപ്താഹ നടത്തിപ്പിനെ കുറിച്ച് വിശദീകരിച്ചു.

പ്രശസ്ത സപ്താഹ ആചാര്യനായ വയപ്പുറം വാസുദേവ പ്രസാദ് നമ്പൂതിരി മുഖ്യ ആചാര്യനും, പെരുമ്പുള്ളി ഗണേശൻ നമ്പൂതിരി, മടാശ്ശേരി ഉണ്ണികൃഷ്ണൻ നമ്പൂതിരി, മായ മേനോൻ മുംബൈ എന്നിവർ സഹ ആചാര്യൻമാരുമായിരിക്കും. തുടർന്ന് സപ്താഹ കമ്മിറ്റി രൂപീകരിച്ചു. അഡ്വ കെ ജി അജയ്കുമാർ സ്വാഗതവും, കെ എൻ രാമചന്ദ്രൻ നന്ദിയും പറഞ്ഞു.

പി. ഗോവിന്ദപിള്ള അനുസ്മരണം നടത്തി

തൃശൂർ: തന്റെ അറിവും അനുഭവവും പ്രായോഗികതലത്തിൽ ഉപയോഗിച്ച ബഹുമുഖ പ്രതിഭയും സൈദ്ധാന്തികനും എഡിറ്ററും എഴുത്തുകാരനുമായിരുന്ന പി.ഗോവിന്ദപിള്ളയെ യുവതലമുറക്ക് പരിചയപ്പെടുത്താൻ കഴിയണമെന്നു പ്രൊഫ. സി.പി. അബുബക്കർ അഭിപ്രായപ്പെട്ടു സഹൃദയ വേദി സംഘടിപ്പിച്ച പി.ജി.ചരമ വാർഷിക നുസ്മരണം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം പ്രസിഡണ്ട് ടി. ആർ വിജയകുമാർ അധ്യക്ഷതവഹിച്ചു. ഇ .ഡി. ഡേവിസ്, ഡോ. അജിതൻ മേനോത്ത് എന്നിവർ മുഖ്യ പ്രഭാഷണം നടത്തി. പ്രൊഫ.വി.എ. വർഗ്ഗീസ്, ബേബി മൂക്കൻ, ടി.വി. ജി. മേനോൻ, ജോൺസൻ കാഞ്ഞിരത്തിങ്കൽ, രവി പുഷ്പഗിരി, സെബി ഇരിമ്പൻ, നന്ദകുമാർ ആലത്ത് എന്നിവർ പ്രസംഗിച്ചു. പുഷ്പാർച്ചനയും ഉണ്ടായിരുന്നു.

സാംസ്കാരിക നഗരിയുടെ സൗഹൃദപ്പെരുമ ഉയർത്തി മാനവസഞ്ചാരം

എസ് വൈ എസ് സംസ്ഥാന കമ്മിറ്റി നടത്തുന്ന മാനവ സഞ്ചാരത്തിന്റെ ഭാഗമായി തൃശൂരിൽ നടന്ന സൗഹൃദ നടത്തം

തൃശൂർ : സമസ്ത കേരള സുന്നി യുവജന സംഘം (എസ് വൈ എസ്) സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് അബ്ദുൽ ഹകീം അസ്ഹരിയുടെ നേതൃത്വത്തിൽ നടക്കുന്ന മാനവ സഞ്ചാരത്തിന് തൃശൂരിൽ ഊഷ്മള സ്വീകരണം നൽകി. വിവിധ മത-രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക-സാഹിത്യ രംഗത്തെ പ്രമുഖരുടെ നേതൃത്വത്തിലാണ് സാംസ്കാരിക നഗരിയായ തൃശൂരിൽ സ്വീകരണം നൽകിയത്. ഡിസംബർ 27, 28, 29 തീയതികളിൽ തൃശൂരിൽ നടക്കുന്ന പ്ലാറ്റിനം ജൂബിലി സമ്മേളനത്തിന്റെ മുന്നോടിയായാണ് മാനവസഞ്ചാരം സംഘടിപ്പിക്കുന്നത്.

കഴിഞ്ഞ 16ന് കാസർകോഡ് നിന്ന് പ്രയാണമാരംഭിച്ച മാനവ സഞ്ചാരത്തിന്റെ ഭാഗമായി ജില്ലയിലെ 9 കേന്ദ്രങ്ങളിൽ പ്രഭാത നടത്തം നടന്നു. എസ് വൈ എസ് സംസ്ഥാന നേതാക്കൾ നേതൃത്വം നൽകി. മത്സ്യതൊഴിലാളികളുമായും വ്യാപാരികളുമായും ഇതിനിടെ കൂടിക്കാഴ്ച നടത്തുകയും ചെയ്തു.

തുടർന്ന്, സംരംഭക സംഗമം, യുവജന പ്രസ്ഥാന നേതാക്കളുടെ ടേബിൾ ടോക്ക്, മാധ്യമ വിരുന്ന്, സ്ഥാപന സന്ദർശനം, പ്രാസ്ഥാനിക സംഗമം തുടങ്ങിയവ ഹയാത്തി റിജൻസിയിലും ശോഭ സിറ്റിയിലുമായി നടന്നു. വൈകീട്ട് നടുവിലാൽ നിന്നാരംഭിച്ച് സ്വരാജ് റൗണ്ട് ചുറ്റി ഇ എം എസ് സ്ക്വയറിൽ സമാപിച്ച സൗഹൃദ നടത്തത്തിൽ ആയിരക്കണക്കിന് ആളുകൾ അണിചേർന്നു.

ടി എൻ പ്രതാപൻ, സി എ റശീദ്, പത്മശ്രീ പെരുവനം കുട്ടൻ മാരാർ, ഫാദർ റവ. ജെയിംസ് കെ ജെ, ഫാദർ റെജി, ഫാദർ അനീഷ് മാത്യു, ഫാദർ ലാൻസ് വി എ, റെവ. ഫാദർ ജോസഫ് ജോൺ, ഫാദർ ജോബി ജോൺ, ശോഭാ സുബിൻ, സയ്യിദ് ഫസൽ തങ്ങൾ, പി എസ് കെ മൊയ്തു ബാഖവി മാടവന, ഹമീദ് തളിയപ്പാടത്ത് നേതൃത്വം നൽകി.

സെൻട്രൽ പ്രിസണിലെ ആധാർ എൻറോൾമെന്റ് ക്യാമ്പ്-രണ്ടാ ഘട്ടം വിജയകരമായി നടത്തി

തൃശ്ശൂർ: ജില്ല നിയമ സേവന അതോറിറ്റി സെക്രട്ടറി ശ്രീമതി സരിത രവീന്ദ്രൻ നിർദ്ദേശപ്രകാരം തൃശ്ശൂർ ജില്ലാ ഐ ടി മിഷന്റെ നേതൃത്വത്തിൽ വിയ്യൂർ സെൻട്രൽ പ്രിസണിലെ തടവുക്കാർക്കായി രണ്ടാംഘട്ട എൻറോൾമെന്റ് ക്യാമ്പ് 23.11.24 തീയതിയിൽ നടത്തി. ആധാർ ഇല്ലാത്തവർക്ക് പുതിയതായി ആധാർ രജിസ്ട്രേഷൻ എടുത്തു കൊടുക്കുകയും ആധാർ കാർഡ് നഷ്ടപ്പെട്ടവർക്ക് അവയുടെ പകർപ്പ് എടുത്ത് നൽകുകയും ചെയ്തു. തൃശ്ശൂർ ജില്ലാ അക്ഷയ കോഡിനേറ്റർ ശ്രീശോഭിന്റെ നേതൃത്വത്തിൽ മുണ്ടൂർ അക്ഷയ കേന്ദ്രവും, പള്ളി മൂല അക്ഷയ കേന്ദ്രവും കൂടി നടത്തിയ ആധാർ മേളയിൽ 39 പേർക്ക് പുതിയതായി ആധാർ രജിസ്ട്രേഷൻ എടുക്കാൻ സാധിച്ചു . ഒരാൾക്ക് ആധാർ നഷ്ടപ്പെട്ടതായിരുന്നു. ആധാറിന്റെ കോപ്പി ഉണ്ടായിരുന്നതുകൊണ്ട് അയാൾക്ക് ആധാർ കാർഡിന്റെ പകർപ്പ് എടുക്കാൻ സാധിച്ചു. ആധാർ മേളയിൽ കേരള സംസ്ഥാന ജില്ലാ ഐ ടി മിഷൻ കോഡിനേറ്റർ ആയ ശ്രീശോഭ യു എസ്, അനുജിത്ത്, ബിനി ഐ. വി., സി മി.സി.കെ. paralegal വളണ്ടിയർ പുഷ്പം എന്നിവർ പ്രവർത്തിച്ചു.

സിട്രോയെൻ, ജീപ്പ് ഡീലർഷിപ്പ് തൃശൂരിൽ

തൃശൂർ: സിട്രോയെൻ, ജീപ്പ് എന്നിവയ്ക്കായി തൃശൂരിൽ പുതിയ ഔട്ട്ലെറ്റ്. ദേശീയപാതയിൽ മരത്താക്കരയിലാണ് സ്റ്റെല്ലാന്റിസ് ബ്രാൻഡ് ഹൗസ് തുറന്നത്. പരമ്പരാഗത ഐസിഇ മുതൽ വൈദ്യുത വാഹനങ്ങൾ വരെ ഔട്ട്ലെറ്റിൽ ലഭ്യമായിരിക്കും. ഗ്രാൻഡ് ചെറോകീ, റാങ്ക്ലർ, മെരിഡിയൻ, കോംപാസ് എന്നീ ജീപ്പിന്റെ മുഴുവൻ മോഡലുകളും ഇവിടെ ഉണ്ടാവും. സി3, ഇസി3, ബസാൽട്ട്, എയർക്രോസ് എസ് യുവി, സി5 എയർക്രോസ് എസ് യുവി എന്നീ എല്ലാ സിട്രോയെൻ ബ്രാൻഡുകളും ഉണ്ട്. വിഗദ്ധരായ തൊഴിലാളികളുള്ള വർക്ക് ഷോപ്പും ഇവിടെ പ്രവർത്തിക്കും. ഇതോടെ സിട്രോയെന്റെ ഡീലർഷിപ്പുകളുടെ എണ്ണം 156ഉം ജീപ്പിന്റെത് 150ഉം ആയി ഉയർന്നു. തൃശൂരിനൊപ്പം അസനോളിലും മീററ്റിലും പുതിയ ഡീലർഷിപ്പുകൾ തുറന്നിട്ടുണ്ട്

ഇരിഞ്ഞാലക്കുട നഗരസഭയുടെ ജനദ്രോഹ കെടുകാര്യസ്ഥ ഭരണത്തിനെതിരെ ആം ആദ്മി പാർട്ടി

തൃശൂർ; നഗരസഭാ ഓഫീസിനു മുന്നിൽ ഏകദിന നിരാഹാര സമരം നടത്തി. ജില്ലാ പ്രസിഡണ്ട് റാഫേൽ ടോണി ഉദ്ഘാടനം ചെയ്തു. കെടുകാര്യസ്ഥതയും ജനങ്ങളോടുള്ള പ്രതിബദ്ധതയില്ലായ്മയും മൂലം കോടിക്കണക്കിനു രൂപയുടെ വരുമാന നഷ്ടവും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പദ്ധതി വിഹിതങ്ങൾ നഷ്ടപ്പെടുത്തുന്ന നഗരസഭാ ഭരണാധികാരികളുടെ ദുർഭരണം തുറന്നു കാട്ടാൻ മടിക്കുന്ന പ്രതിപക്ഷ എൽഡിഎഫ് - ബി ജെ പി നിലപാടിനെതിരെയുമാണ് ആം ആദ്മി പാർട്ടിയുടെ പ്രതിഷേധമെന്ന് അദ്ദേഹം പറഞ്ഞു.

നിരാഹാര സമരം അനുഷ്ഠിച്ച ഇരിഞ്ഞാലക്കുട മണ്ഡലം പ്രസിഡന്റ് ജിജിമോൻ മാപ്രാണം, ഡിക്സൺ കൂവക്കാടൻ, വിൻസന്റ് കണ്ടംകുളത്തി, ഡോ. ഷാജു കെ വൈ, ശ്രീനിവാസൻ മൂർക്കനാട് എന്നിവരെ ഷാളുകൾ അണിയിച്ചു.

ജില്ലാ നേതാക്കളായ ജിജോ ജേക്കബ്, ഡോ. ഉണ്ണികൃഷ്ണൻ സി എസ്, ജോസഫ് ജോർജ് പുതുക്കാട്, ബിജോയ് മഞ്ഞളി, ജയാനന്ദൻ മാപ്രാണം, എന്നിവർ പ്രസംഗിച്ചു. വൈകിട്ട് ആറു മണിക്ക് ചാക്യാർകൂത്തോടെ ഉപവാസ സമരം അവസാനിച്ചു.

'അമ്മയും കുഞ്ഞും കേരളത്തനിമയും'

ഇരിങ്ങാലക്കുട: വിദ്യോദയ ഇംഗ്ലീഷ് മീഡിയം എൽ. പി. സ്കൂളിൽ 'അമ്മയും കുഞ്ഞും കേരളത്തനിമയും' മത്സരം അരങ്ങേറി. ഇരിങ്ങാലക്കുട വൈസ് ചെയർപേഴ്സൺ ബൈജു കുറ്റിക്കാടൻ യോഗം ഉദ്ഘാടനം ചെയ്തു. മുൻ ചെയർ പേഴ്സൺ പ്രസുജ സജ്ഞീവ് കുമാർ അദ്ധ്യക്ഷത വഹിച്ചു. ഹെഡ്മിസ്ട്രസ്സ് ഹേമ ദിനേഷ് സ്വാഗതവും, നാഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ഹെഡ്മാസ്റ്റർ ഹരിദാസ് വി. എ, മുൻ മുനിസിപ്പൽ ചെയർപേഴ്സൺ സോണിയ ഗിരി എന്നിവർ ആശംസകളും അർപ്പിച്ചു. അധ്യാപിക അഞ്ജന ഡേവിസ് നന്ദി പ്രകാശിപ്പിച്ചു.

സീനിയർ ജേർണലിസ്റ്റ് ഫോറം കേരളയുടെ സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി നടന്ന പ്രതിനിധി സമ്മേളനം ഉദ്ഘാടനം ചെയ്യാനെത്തിയ പ്രതിപക്ഷ നേതാവ് വി ഡി സതീശന് ജന. കൺവീനർ എൻ ശ്രീകുമാർ സ്നേഹോപകാരമായി പ്ലാവിൻ തൈ നൽകുന്നു

മാധ്യമ പ്രവർത്തകരുടെ പിഎഫ് പെൻഷൻ 7,500 രൂപയാക്കണം

തൃശൂർ: കുറഞ്ഞ പ്രോവിഡന്റ് ഫണ്ട് പെൻഷൻ 7,500 രൂപയായി വർധിപ്പിക്കണമെന്ന് സീനിയർ ജേണലിസ്റ്റ്സ് ഫോറം സംസ്ഥാന സമ്മേളനം ആവശ്യപ്പെട്ടു. പെൻഷനിൽ ഡി എ കൂടി ഉൾപെടുത്തണമെന്നും ആവശ്യപ്പെട്ടു. മാധ്യമപ്രവർത്തകർക്കു കേന്ദ്ര സർക്കാർ പെൻഷൻ ഏർപ്പെടുത്തണം. മുതിർന്ന പൗരന്മാർക്കുണ്ടായിരുന്ന റെയിൽവേ യാത്രാനിരക്കിളവ് പുനസ്ഥാപിക്കണം.

സംസ്ഥാന പത്രപ്രവർത്തക പെൻഷൻ 15,000 രൂപയായി ഉയർത്തണമെന്നും പെൻഷൻ സ്റ്റാറ്റിയൂറിയാക്കണമെന്നും സമ്മേളനം ആവശ്യപ്പെട്ടു. ആശ്രിത പെൻഷൻ 50 ശതമാനമാക്കുക, അവശ പത്രപ്രവർത്തക പെൻഷൻ അയ്യായിരം രൂപയാക്കുക, പകുതി പെൻഷൻ നൽകുന്നവർക്കു പൂർണ പെൻഷൻ നൽകുക, പെൻഷൻ ഫണ്ടിൽ മാനേജുമെന്റ് വിഹിതം ഏർപ്പെടുത്തുക, സർക്കാർ ജീവനക്കാർക്കു നടപ്പാക്കിയ മെഡിസെപ് ആരോഗ്യ പരിരക്ഷാ പദ്ധതിയിൽ മാധ്യമ പ്രവർത്തകരെ ഉൾപെടുത്തുക എന്നീ ആവശ്യങ്ങളും സമ്മേളനം ഉന്നയിച്ചു.

മുതിർന്ന മാധ്യമപ്രവർത്തകരുടെ അവകാശ പോരാട്ടങ്ങൾക്ക് ധീര നേതൃത്വം വഹിച്ച എ മാധവനു ഫോറം സംസ്ഥാന കമ്മിറ്റിയുടെ ഉപഹാരം റവന്യൂ വകുപ്പ് മന്ത്രി അഡ്വ. കെ. രാജൻ നൽകുന്നു

ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് കോളജിൽ ആവേശമായി മെഗാ തൊഴിൽ മേള - പ്രയുക്തി 2024

ഇരിങ്ങാലക്കുട സെന്റ് ജോസഫ്സ് (ഓട്ടണോമസ്) കോളജ്, തൃശൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആന്റ് എംപ്ലോയബിലിറ്റി സെന്ററുമായി സഹകരിച്ചു നടത്തിയ മെഗാ തൊഴിൽ മേള 'പ്രയുക്തി 2024' തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് വി. എസ്. പ്രിൻസ് ഉദ്ഘാടനം ചെയ്തു. ഇരിങ്ങാലക്കുട മുനിസിപ്പൽ ചെയർപേഴ്സൺ മേരി ക്കുട്ടി ജോയ് അധ്യക്ഷയായ ചടങ്ങിൽ തൃശൂർ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ സമീറ എൻ വി സ്വാഗതം പറഞ്ഞു.

അമ്പതു പ്രമുഖ സ്ഥാപനങ്ങളിൽ നിന്നുള്ള രണ്ടായിരത്തിലധികം ഒഴിവുകളിലേക്ക് ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂ നടന്നു. ഐടി, ബാങ്കിംഗ്, ഫൈനാൻസിങ്ങ് , ഓട്ടോമൊബൈൽ, ഹെൽത്ത്, വിദ്യാഭ്യാസം, ഇൻഷൂറൻസ്, മാർക്കറ്റിംഗ് എന്നീ മേഖലകളിലാണ് ഒഴിവുകൾ ഉണ്ടായിരുന്നത്. രാവിലെ 9 മണി മുതൽ കോളജിൽ നടന്ന സ്പോട്ട് രജിസ്ട്രേഷനിലൂടെ 1051 പേരാണ് മേളയിൽ പങ്കെടുത്തത്. 464 പേർ ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെടുകയും 128 പേർ ജോലിയിലേക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു.

പരിപാടിയിൽ മുനിസിപ്പാലിറ്റി വികസന കാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റി ചെയർപേഴ്സൻ ഫെനി എബിൻ വെള്ളാനിക്കാരൻ കോളജ് പ്രിൻസിപ്പൽ ഡോ. സി. ബ്ലെസി, എംപ്ലോയ്മെന്റ് ഓഫീസർമാരായ റെക്സ് തോമാസ് ഇ, സീനത്ത് വി.എ, ഷാജു ലോനപ്പൻ എന്നിവർ സംസാരിച്ചു.

മദ്യപാനികൾക്ക് പെർമിറ്റ് നൽകി മദ്യനിരോധനത്തിന് തുടക്കം കുറിക്കണമെന്ന് മദ്യ വിമോചന മഹാ സഖ്യം

ആലപ്പുഴ: കേരളം ലഹരി വിമുക്തമാകണമെങ്കിൽ മദ്യപാനികൾക്ക് പെർമിറ്റ് സംവിധാനം ആരംഭിച്ച് പടിപടിയായി അളവ് കുറച്ച് അഞ്ചു വർഷം കൊണ്ട് മദ്യനിരോധനം നടപ്പിലാക്കുവാൻ സർക്കാർ തയ്യാറാകണമെന്ന് മദ്യ വിമോചന മഹാ സഖ്യത്തിന്റെ സംസ്ഥാന ക്യാമ്പ് ആവശ്യപ്പെട്ടു.

ആലപ്പുഴ ചാരുംമൂട് വെച്ച് രണ്ടുദിവസമായി നടന്നുവന്ന സംസ്ഥാന നേതൃത്വ പരിശീലന ക്യാമ്പാണ് ഈ നിർദ്ദേശം മുന്നോട്ട് വെച്ചത്. സർക്കാരിന്റെ വരുമാനത്തിന് പെട്ടെന്ന് കോട്ടം തട്ടാതിരിക്കുവാനും വ്യാജമദ്യ ഭീഷണി ഇല്ലാതാക്കുവാനും പുതിയ മദ്യപാനികൾ ഉണ്ടാവാതിരിക്കുവാനും ഇത് ഉപകരിക്കുമെന്ന് ക്യാമ്പ് കണ്ടെത്തി.

സംസ്ഥാന പ്രസിഡന്റ് ഇ എ ജോസഫിന്റെ അദ്ധ്യക്ഷതയിൽ ആരംഭിച്ച ക്യാമ്പ് രക്ഷാധികാരി സി ഐ അബ്ദുൾ ജബ്ബാർ ആലുവ ഉദ്ഘാടനം ചെയ്തു.

വിവിധ വിഷയങ്ങളിൽ എട്ടു ക്ലാസ്സുകൾ ഉണ്ടായിരുന്നു. ക്ലാസ്സുകൾക്ക് എ ഷഹനാസ്, എൻ കുമാര ദാസ്, ബേബി കണ്ണംപടത്തി എന്നിവർ നേതൃത്വം നല്കി. ചാരുംമൂട് ബ്ലോക്ക് കോൺഗ്രസ് പ്രസിഡൻറ് ജി ഹരിപ്രകാശ്, ഗാന്ധിദർശൻവേദി ജില്ലാ പ്രസിഡന്റ് സജി തെക്കേത്തലക്കൽ, മുൻ വെൺമണി പഞ്ചായത്ത് പ്രസിഡന്റ് കെ ലെജുകുമാർ, മഹിളാ കോൺഗ്രസ് ആലപ്പുഴ ജില്ല ജനറൽ സെക്രട്ടറി അനിത സജി അഡ്വ മുത്താര രാജ്, നൂറനാട് ബ്ലോക് കോൺഗ്രസ് വൈസ്പ്രസിഡന്റ് അബ്ദുൾ ജബ്ബാർ, രാജേഷ് രാഘവൻ, ജോസ്മി ജോസ് എന്നിവർ പ്രസംഗിച്ചു.

നാഷണൽ ആയുഷ് മിഷൻ നാച്ചുറോപ്പതി ദിന ആഘോഷം നടത്തി

തിരു: നാഷണൽ ആയുഷ് മിഷന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന തല നാച്ചുറോപ്പതി ദിനാചരണം തിരുവനന്തപുരത്ത് രാജധാനി ഓഡിറ്റോറിയത്തിൽ നടന്നു. ഡോ സലജ കുമാരി പി ആർ,ജോയിന്റ് ഡയറക്ടർ,ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങ് സജിത് ബാബു ഐ എ എസ്,സ്റ്റേറ്റ് മിഷൻ ഡയറക്ടർ നാഷണൽ ആയുഷ് മിഷൻ, കേരള ഉദ്ഘാടനം ചെയ്തു. കേരളത്തിലെ നാച്ചുറോപ്പതി യോഗ ചികിത്സാ സമ്പ്രദായത്തിന്റെ വികസനത്തിന് പല പ്രൊജക്ട്ടുകളും നാഷണൽ ആയുഷ് മിഷൻ ആസൂത്രണം ചെയ്തിട്ടുള്ളതായി അദ്ദേഹം അറിയിച്ചു. ഡോ. ടി ഡീ ശ്രീകുമാർ, ഡയറക്ടർ ഡിപ്പാർട്ട്മെന്റ് ഓഫ് ആയുർവേദ മെഡിക്കൽ എജ്യുക്കേഷൻ,ഡോ അജിത അതിയാടത്ത്, ഡി എം ഓ, ഇന്ത്യൻ സിസ്റ്റം ഓഫ് മെഡിസിൻ, ഡോ. പ്രിയദർശിനി ഹോമിയോപ്പതി; ഡോ.ദിനേശ് കർത്ത, പ്രസിഡന്റ്, ഇന്ത്യൻ നാച്ചുറോപ്പതി ആൻഡ് യോഗ ഗ്രാജുവേറ്റ് മെഡിക്കൽ അസോസിയേഷൻ കേരള ചാപ്റ്റർ എന്നിവർ ആശംസകൾ അർപ്പിച്ചു. ഡോ ഷൈജു കെ എസ്, ഡി പി എം,നാഷണൽ ആയുഷ് മിഷൻസ്വാഗതവും ഡോ ശ്രീകാവ്യ അരുൺ നന്ദിയും രേഖപ്പെടുത്തി. ഡോ സുജിത് എസ് ആർ, ഡോ സോണിയ അനു എന്നിവർ വിവിധ വിഷയങ്